LIBRARY ARCHIVES Kerala Legislative Assembly

റബ്ബർ ഇറക്കുമതി

257 (1697) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം റബ്ബർ ഇറക്കുമതി നടത്തിയത് സംബന്ധിച്ച കണക്കുകൾ അറിയുമോ ; എങ്കിൽ ലഭ്യമാക്കാമോ ;

(ബി) റബ്ബർ ഇറക്കുമതി നിർബാധം നടക്കുന്നതുമൂലം ഉണ്ടായ വിലയിടിവുവഴി, കഴിഞ്ഞ മൂന്നു വർഷത്തിനകം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഉണ്ടായ നഷ്ടത്തിന്റെ കണക്ക് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ലഭ്യമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2014-15-ൽ 263,683 ടൺ സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇതിൽ 196,697 ടൺ ഡ്യൂട്ടി പെയ്ഡ് ചാനലിലൂടെയും 66,986 ടൺ ഡ്യൂട്ടിഫ്രീ ചാനലിലൂടെയുമാണ് ഇറക്കുമതി ചെയ്തിട്ടുള്ളത്.

(ബി) ഇല്ല.

റബ്ബർ ഉല്പാദനവും സംഭരണവും വിലയിടിവും

258 (1698) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര ടൺ റബ്ബർ ഉല്പാദിപ്പിക്കുന്നതായി കണക്കാക്കിയിട്ടുണ്ട് ;

(ബി) സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നുകൊണ്ടിരിക്കുന്ന നില ആരംഭിച്ചത് എപ്പോൾ മുതലാണ് ;

(സി) റബ്ബർ വിലയിടിവുമൂലം സമ്പദ്ഘടനയ്ക്കുണ്ടായതായി കണക്കാക്കപ്പെടുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) അഞ്ചു രൂപ കൂടുതൽ നൽകി റബ്ബർ സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് എന്നു മുതലാണ് ;

(ഇ) ഇപ്രകാരം ഇതിനകം സംഭരിച്ച റബ്ബർ എത്ര ടൺ ആണെന്ന് വെളിപ്പെടുത്താമോ ; ഏതെല്ലാം ഏജൻസികൾക്ക് സംഭരണ ചെലവ് ഇനത്തിൽ എത്ര രൂപ വീതം ഇതിനകം നൽകുകയുണ്ടായി ?